17963
18/12/15

# കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ഗിരിജൻ സെറ്റിൽമെന്റിൽ നിന്നും ആഞ്ഞിലിയും പ്ലാവും മുറിക്കുവാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (എം.എസ്)നം.103/2015/വനം തീയതി. തിരുവനന്തപുരം, 15.12.2015.

---

പരാമർശം :- 1. ഭാരതീയ ആദിവാസി സേവാകാര്യാലയം ചെയർമാന്റെ 15.06.2015-ലെ കത്ത്.
2. 15.03.1993-ലെ സ.ഉ.(എം.എസ്.)നം.23/93/വനം നമ്പർ ഉത്തരവ്.
3. 19.05.1993-ലെ സ.ഉ.(എം.എസ്.)നം.36/96/വനം നമ്പർ ഉത്തരവ്
4. 27.05.2015-ലെ സ.ഉ.(എം.എസ്.)നം. 40/2015/വനം നമ്പർ ഉത്തരവ്
5. 09.07.2015-ലെ സ.ഉ.(എം.എസ്.)നം.49/2015/വനം നമ്പർ ഉത്തരവ്.
6. 13.08.2015-ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം)-ന്റെ പ്രൊ(5)-37617/15 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (2) പ്രകാരം വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിലെ പട്ടയക്കാർക്കും ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും 11 ഇനങ്ങളിൽപ്പെട്ട മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ അനുവാദം നൽകിയിരുന്നു. ഇതിൽ പരാമർശം (3) പ്രകാരം പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി നിർത്തലാക്കുകയും ചെയ്തിരുന്നു.

പരാമർശം (4) പ്രകാരം 19.05.1993-ലെ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തി പട്ടയഭൂമിയിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി മരങ്ങൾ റവന്യൂ, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് വിധേയമായി മുറിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

പരാമർശം (5)-ലെ സർക്കാർ ഉത്തരവു പ്രകാരം "വനം റവന്യൂ ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി" എന്ന പരാമർശം (4)-ലെ നിബന്ധന ഒഴിവാക്കി പട്ടയ ഭൂമിയിൽ നിന്ന് പ്ലാവും ആഞ്ഞിലിയും മുറിക്കുവാൻ അനുമതി നൽകി സൂചന(4)-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവായി.

പരാമർശം (4)-ലെയും 5-ലെയും ഉത്തരവുകളിലൂടെ ലഭ്യമായ ആനുകൂല്യം പരാമർശം (2)-ലെ ഉത്തരവിൽ ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കു

കൂടി ലഭ്യമായിരുന്നു എന്നും ആയതിനാൽ ടി ആനുകൂല്യം ഗിരിജൻ സെറ്റിൽമെന്റുകളിലെ ഗിരിജനങ്ങൾക്കു കൂടി തുടർന്നും ലഭ്യമാക്കണമെന്നും ഭാരതീയ ആദിവാസി കാര്യാലയം ചെയർമാൻ പരാമർശം (1)-ലെ കത്തിലൂടെ ആവശ്യപ്പെട്ടു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) -ന്റെ പരാമർശം (5) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 27.05.2015-ലെ സ.ഉ.(എം.എസ്.)നം.40/2015/വനം പരാമർശം (4), 09.07.2015-ലെ സ.ഉ.(എം.എസ്.)നം.49/ 2015/വനം പരാമർശം(5), എന്നീ ഉത്തരവുകൾ പ്രകാരം പട്ടയഭൂമിയിൽ നിൽക്കുന്ന ആഞ്ഞിലിയും, പ്ലാവും മുറിക്കുന്നതിന് അനുമതി നൽകിയതുപോലെ ഗിരിജൻ സെറ്റിൽമെന്റുകളിൽ നിൽക്കുന്ന പ്ലാവ്, ആഞ്ഞിലി എന്നീ വൃക്ഷങ്ങൾ ഗിരിജൻ സെറ്റിൽമെന്റുകളിലുള്ള ഗിരിജനങ്ങൾക്കും കൂടി 'റവന്യു വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതിക്കു വിധേയമായി' എന്ന നിബന്ധനയില്ലാതെ മുറിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**പി.മാരപാണ്ഡ്യൻ.,**
അഡീഷണൽ ചീഫ് സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( സംരക്ഷണം ), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ). കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ&ഇ ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വി & എം.) വകുപ്പ്.
വെബ്ബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Chitra

സെക്ഷൻ ഓഫീസർ.